**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 473** **24-08-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വഴി നിർമ്മാണം നടന്നുവരുന്ന തൃശ്ശൂർ മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ബോയ്സ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിലെ അക്കാദമിക് ബ്ലോക്ക് (G+2) ന്റെ നിർമ്മാണം പൂർത്തിയായതായും നിലവിലുള്ള മറ്റൊരു കെട്ടിടത്തിന്റെ ആദ്യത്തെ നിലയുടെ നിർമ്മാണം അവസാനഘട്ടത്തിലാണെന്നും ഓഡിറ്റോറിയത്തിന്റെ തറയോട് പതിപ്പിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ച് വരുന്നതായും പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റ് അറിയിച്ചിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികളുടെ ജീവന് തന്നെ ഭീഷണിയാകുന്ന വിധത്തിൽ സ്കൂളിൽ പലയിടത്തായി കൂട്ടിയിട്ടിരിക്കുന്ന നിർമ്മാണ സാമഗ്രികൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | വിദ്യാർത്ഥികളുടെ ജീവന് ഭീഷണിയാകുന്ന വിധത്തിൽ ഇതുവരെ യാതൊന്നും ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും സ്ഥലപരിമിതി മൂലം നിർമ്മാണത്തിനായുള്ള സാധന സാമഗ്രികൾ എല്ലാം സ്കൂളിനുള്ളിൽ തന്നെ ബാരിക്കേഡ് ഉപയോഗിച്ച് സുരക്ഷിതമായ രീതിയിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും ഉപയോഗം കഴിഞ്ഞ സാധനങ്ങൾ സൈറ്റിൽ നിന്നും നീക്കം ചെയ്തതായും പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (സി) | നിരവധി തവണ ആവശ്യപ്പെട്ടിട്ടും നിർമ്മാണ പ്രവൃത്തിയിൽ അലംഭാവം കാണിക്കുന്ന കരാർ കമ്പനിയുടെയും ഉദ്യോഗസ്ഥരുടെയും പ്രവൃത്തിയിൽ അടിയന്തരമായി നടപടി സ്വീകരിക്കാമോ? | (സി) | നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കരാറുകാരുടെ അപേക്ഷ പ്രകാരം നീട്ടുന്നതിനോടൊപ്പം അവരുടെതായ കാരണം കൊണ്ടാണെങ്കിൽ പിഴ ഈടാക്കുകയും നിർമ്മാണം 2022 സെപ്റ്റംബർ മാസത്തോടു കൂടി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ